# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 767      13.06.2012 - ൽ മറുപടിക്ക്

### ആറ്റിങ്ങൾ മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ വാട്ടർ അതോറിട്ടിയുടെ മേൽ നോട്ടത്തിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്; | (എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു.<br>1. ഒറ്റൂർ, മണമ്പൂർ പഞ്ചായ ത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന വർക്കല ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം I .<br>2. കിളിമാനൂർ, പഴയകുന്നിന്മേൽ, മടവൂർ വില്ലേജുകൾക്ക് വേണ്ടി യുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി. |
| (ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തി ലാണെന്നും ഓരോന്നും എന്ന് പൂർത്തിയാക്കുമെ ന്നും വിശദമാക്കാമോ ; | (ബി) 1. ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന വർക്കല ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവൃത്തി കളിൽ ഒറ്റൂർ, മണമ്പൂർ പഞ്ചായത്തിലെ ജലവിതരണ ശൃംഖല ഒഴികെ ബാക്കി യെല്ലാ പണികളും പൂർത്തിയായിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം ഒറ്റൂർ. മണമ്പൂർ പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് എസ്.എൽ.എസ്. എസ്.സി -2010-ൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുകയും, ഗവൺമെന്റ് ഭരണാനുമതിയും, വാട്ടർ അതോറിറ്റി സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പണികളുടെ ടെൻഡ റുകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. ഈ സാമ്പത്തിക വർഷ അവ സാനത്തോടു കൂടി ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>(2). കിളിമാനൂർ പഴയകുന്നുമ്മേൽ, മടവൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള ത്വരിത |

ഗ്രാമീണ കുടിവെള്ള പദ്ധതിയ്ക്ക് 31 കോടി രൂപയുടെ ഭരണാനുമതി നൽകി, ഈ പദ്ധതിയുടെ ഭാഗമായി ട്ടുള്ള നിർമ്മാണ പ്രവൃത്തികളെ 7 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണ ശാലയുടെ പണി ഉൾപ്പെടുന്ന രണ്ടാമത്തെ പാക്കേജിന്റെയും സോൺ മൂന്നിലെ ജലവിതരണ ശൃംഖല ഉൾപ്പെടുന്ന മൂന്നാമത്തെ പാക്കേജിന്റെയും സോൺ-1 ന്റെ ജലവിതരണ ശൃംഖലയും കടൽകാണികുന്ന് ജി.എൽ. എസ്ആർ-ന്റെ പണിയും ഉൾപ്പെടുന്ന നാലാമത്തെ പാക്കേജി ന്റെയും ടെണ്ടർ അനുമതി നൽകുന്നതിനുള്ള അന്തിമ ഘട്ടത്തിലാണ്. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ കൈലാസം കുന്ന് ജി.എൽ.എസ്.ആർ എന്നിവ ഉൾപ്പെടുന്ന ഒന്നാമത്തെ പാക്കേജിന്റെയും, സോൺ-2-ന്റെ ജലവിതരണ ശൃംഖല, വെൽകം പമ്പ് ഹൗസിന്റെ നിർമ്മാണം, തട്ടത്തുമല സംമ്പും, പമ്പ് ഹൗസിന്റെ നിർമ്മാണം ഉൾപ്പെടുന്ന പാക്കേജ് 5-ന്റെ ടെണ്ടറുകൾ സൂക്ഷ്മ പരിശോധനയിലുമാണ്.

പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടുന്ന ആറാമത്തെ പാക്കേജിന്റെയും തടയണ നിർമ്മാണം ഉൾപ്പെടുന്ന ഏഴാമത്തെ പാക്കേജിന്റെയും ഡിസൈനും, എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. ടെൻഡർ അനുമതി നൽകി, റോഡ് കട്ടിംഗ് അനുമതിയും യഥാസമയം ലഭിക്കുകയാണെങ്കിൽ പണികൾ പൂർത്തിയാക്കി പദ്ധതി 2013 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (സി) | വാട്ടർ അതോറിറ്റിയുടെ ആറ്റിങ്ങൽ ഡിവിഷനു കീഴിൽ കരാർ അടിസ്ഥാനത്തിൽ എത്ര പമ്പ് ഓപ്പറേറ്റർമാർ ജോലി നോക്കുന്നുണ്ട്; ഇവർക്ക് ലഭിക്കുന്ന വേതനം എത്ര വീതമാണ്; വിശദമാക്കാമോ? | (സി) | ആറ്റിങ്ങൽ ഡിവിഷന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ 16 ഓപ്പറേറ്റർമാർ ജോലി നോക്കുന്നുണ്ട്. ഇവരുടെ ദിവസവേതനം 240 രൂപയാണ്. |

സെക്ഷൻ ഓഫീസർ